# പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.




സാമ്പത്തിക കുറ്റകൃത്യങ്ങളുടെ വിവരശേഖരണവും വിശകലനം ചെയ്യലും എന്ന വിഷയത്തിൽ നടന്ന പരിശീലന പരിപാടി സമാപിച്ചു. എറണാകുളം റൂറൽ ജില്ലാ പോലീസ് ആസ്ഥാനത്തെ കോൺഫ്രൻസ് ഹാളിൽ നടന്ന ചടങ്ങിൽ റേഞ്ച് ഡി.ഐ.ജി നീരജ് കുമാർ ഗുപ്ത സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ചടങ്ങിൽ ജില്ലാ പോലീസ് മേധാവി കെ. കാർത്തിക്ക് അധ്യക്ഷത വഹിച്ചു. അഡീഷണൽ എസ്.പി കെ.ലാൽജി. ഡി.വൈ.എസ്.പി ആർ.റാഫി, പദ്മജൻ.ജെ.കാളിയമ്പാത്ത്, മേജർ.എം.നാരായണ ദീപക്ക്, തുടങ്ങിയവർ പ്രസംഗിച്ചു. എസ്.ബി.ഐ യുടെ പരിശീലന വിഭാഗം നേതൃത്വം നൽകി. ബാങ്കിംഗ് മേഖലയുമായി ബന്ധപ്പെട്ട് വിവിധ രീതിയിലുള്ള ഓൺലൈൻ തട്ടിപ്പുകൾ വ്യാപകമായ സാഹചര്യത്തിലാണ് പരിശീലനം. നാല് ദിവസം നീണ്ടു നിന്ന പരിശീലന പരിപാടിയിൽ എറണാകുളം റേഞ്ചിനു കീഴിൽ വരുന്ന എറണാകുളം റൂറൽ, കോട്ടയം, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥരാണ് പങ്കെടുത്തത്. ഇവർ പരിശീലനം പൂർത്തിയാക്കിയ ശേഷം അതാത് ജില്ലകളിൽ രജിസ്റ്റർ ചെയ്യുന്ന സാമ്പത്തിക കുറ്റകൃത്യങ്ങളുടെ (പ്രത്യേകിച്ച് ബാങ്കിംഗ് മേഖലയുമായി ബന്ധപ്പെട്ടവ) കേസന്വേഷണത്തിൽ അന്വേഷണ ഉദ്യോഗസ്ഥരെ സഹായിക്കും.